**കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്**
തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്എം.ജി.റോഡ്,
ആയുർവേദ കോളേജ് ജംഗ്ഷൻ, തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

നമ്പർ.8/സി/ഇ/കെ.ഡി.ആർ.ബി/2016

തിരുവനന്തപുരം
തീയതി.07.11.2017

## തിരുത്തൽ വിജ്ഞാപനം

വിഷയം - തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേയ്ക്ക് 23.08.2017-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് -ഹരിഗോവിന്ദൻ.സി.എം -ജാതിയുടെ ആനുകൂല്യം റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന- 1. ടി തസ്തികയിലേയ്ക്ക് 23.08.2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് .
2. 23.10.2017-ലെ ഇതേ നമ്പർ തിരുത്തൽ വിജ്ഞാപനം.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേയ്ക്ക് 23.08.2017-ൽ നിലവിൽ വന്ന 2/2017-ാം നമ്പർ റാങ്ക് ലിസ്റ്റിൽ റാങ്ക്നമ്പർ 232 ആയി താല്ക്കാലികമായി ഉൾപ്പെടുത്തിയിരുന്ന ശ്രീ.ഹരിഗോവിന്ദൻ.സി.എം എന്ന ഉദ്യോഗാർത്ഥിയുടെ റാങ്ക് ലിസ്റ്റിലെ ഉൾപ്പെടുത്തൽ സൂചന 2-ലെ തിരുത്തൽ വിജ്ഞാപന പ്രകാരം ഹിന്ദു മണ്ണാൻ/പട്ടിക ജാതിയുടെ ആനുകൂല്യം നൽകി നിരുപാധികമാക്കിയിരിക്കുന്നു. എന്നാൽ തനിക്ക് ജാതിയുടെ ആനുകൂല്യം നൽകേണ്ടതില്ലെന്നും ജനറൽ ആയി പരിഗണിച്ചാൽ മതിയെന്നും ആവശ്യപ്പെട്ട് 25.10.2017-ൽ കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ഏഴു ദിവസത്തിനകം നേരിട്ട് ഹാജരായി ബോദ്ധ്യപ്പെടുത്തണമെന്നാവശ്യപ്പെട്ട് 30.10.2017-ൽ ഉദ്യോഗാർത്ഥിക്ക് കത്ത് നൽകിയിരുന്നു. പക്ഷേ നേരിട്ടോ, അല്ലാതെയോ ഉദ്യോഗാർത്ഥി യാതൊന്നും ബോധിപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 23.10.2017-ലെ തിരുത്തൽ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥിക്ക് നൽകിയ ഹിന്ദു മണ്ണാൻ/പട്ടിക ജാതിയുടെ ആനുകൂല്യം റദ്ദ് ചെയ്ത് ടിയാനെ റാങ്ക് ലിസ്റ്റിൽ യഥസ്ഥാനത്ത് നിലനിർത്തിക്കൊണ്ട് ഇതിന് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് പാർട്ട് ടൈം ശാന്തി തസ്തികയുടെ നിയമനത്തിനായി 23.08.2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും 23.10.2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

(ബോർഡിന്റെ ഉത്തരവിൻ പ്രകാരം)
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി (റിക്രൂട്ട്മെൻറ്)